പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3256

03/04/2013-ൽ മറുപടിക്ക്

## ബഡ്സ് സ്കൂളുകൾ

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി

**ഉത്തരം**

ഡോ. എം. കെ. മുനീർ

ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; (ബി) ഉണ്ടെങ്കിൽ ഇക്കാര്യം വ്യക്തമാക്കാമോ; | (എ) & (ബി) | ഉണ്ട്. ഒരു ബ്ലോക്ക് പ്രദേശത്ത് ഒരു ബഡ്സ് സ്കൂൾ എങ്കിലും ആരംഭിക്കണമെന്ന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യം, യോഗ്യയായ അധ്യാപിക, സ്കൂളിനാവശ്യമായ ഉപകരണങ്ങൾ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനം തന്നെ അന്വേഷിച്ച് കണ്ടുപിടിക്കേണ്ടതാണ്. അധ്യാപികമാർക്ക് ഹോണറേറിയം നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് ഉൾപ്പെടെയുള്ള ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂൾ ആരംഭിക്കുന്നതിനും രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും വേണ്ട സഹായം കുടുംബശ്രീയിൽ നിന്നും ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച 52 സ്കൂളുകൾ സംസ്ഥാനത്താകമാനം പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനു വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു കൺസൾട്ടന്റിനെ കുടുംബശ്രീ നിയമിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ സേവനം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാകും. ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് GO(M.S) No.148/09/തസ്വഭവ, 29/07/2009 -ാം നമ്പറായി സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബഡ്സ് സ്കൂളുകളിലെ പരിചാരകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് ; | (സി) | 25/08/2012 ലെ സ.ഉ. (കൈയ്യെഴുത്ത്) 229/2012/തസ്വഭവ ലെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ആയമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം പ്രതിമാസം 2500/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ബഡ്സ് സ്കൂളിലെ പരിചാരകരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്ന കാര്യം പരിഗണിക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ